കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗം:

(1) ചെമ്പൈ മെമ്മോറിയൽ റസ്റ്റ് ഹൗസ് നിർമ്മാണം—3 ലക്ഷം രൂപ.

(2) കുഴൽമന്ദം സബ്ട്രഷറി കെട്ടിട നിർമ്മാണം—3 ലക്ഷം രൂപ.

ഈ രണ്ട് പണികൾക്കും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

പാലങ്ങളിലെ ടോൾ പിരിവ്

49 [601] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. സുജനപാൽ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നു;

(ബി) ഇതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഇപ്പോൾ ടോൾ പിരിക്കുന്ന പാലങ്ങളിൽ നിന്നും ഇനി എത്ര കാലത്തേക്കു കൂടി ടോൾ പിരിക്കേണ്ടതായി വരും;

(ഡി) സംസ്ഥാനത്തുള്ള ഏതെങ്കിലും റോഡിൽക്കൂടി വാഹനങ്ങൾ സഞ്ചരിക്കുന്നതിന് ടോൾ നൽകേണ്ടതുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളിൽ നിന്നാണ് ടോൾ പിരിക്കുന്നതെന്ന് പറയുമോ?

ഉത്തരം

(എ) ദേശീയ പാതയിൽ ഒമ്പത് പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ 93 പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നുണ്ട്.

(ബി) ദേശീയപാത വിഭാഗത്തിലുള്ള പാലങ്ങളിൽ 1956-ലെ നാഷണൽ ഹൈവേ ആക്ട് 9-ാം വകുപ്പ് അനുസരിച്ച് 1992-ൽ ഭാരത സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള നാഷണൽ ഹൈവേ (സ്ഥിരം പാലങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ്) ചട്ടങ്ങൾ അനുസരിച്ചും, റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽപ്പെട്ട പാലങ്ങളിൽ നിന്ന് കേരള ടോൾ ആക്ട് 1976 പ്രകാരവുമാണ് ടോൾ പിരിക്കുന്നത്. നിർമ്മാണ ചെലവ് 100 ലക്ഷം രൂപയും അതിൽ കൂടുതലും വന്നിട്ടുള്ള പാലങ്ങളിൽ നിന്ന് മാത്രമേ ടോൾ പിരിക്കുന്നുള്ളൂ. ഇരുചക്രവാഹനങ്ങളെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കിയിട്ടുമുണ്ട്.

(സി) ദേശീയപാത വിഭാഗത്തിൽപ്പെട്ട പാലങ്ങളിൽനിന്നും അവയുടെ നിർമ്മാണ ചെലവും പലിശയും പിരിഞ്ഞു കിട്ടുന്നതുവരെ ടോൾ പിരിക്കുന്നുണ്ട്. റോഡ്സ് വിഭാഗത്തിൽ പരമാവധി 15 വർഷം വരെ ടോൾ പിരിച്ചാൽ മതിയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly